(ബി) ഉണ്ടെങ്കിൽ ഈ സെക്ഷൻ പർച്ചേസുകളിലെ അഴിമതികളും അപാകതകളും ബോർഡിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടോ;

(സി) അങ്ങനെ കണ്ടുപിടിക്കപ്പെട്ട കേസുകളിൽ നടപടി എടുക്കുന്നതിനു പകരം ചിലരുടെ സമ്മർദ്ദത്തിന്റെ ഫലമായി അപാകതകൾ കണ്ടുപിടിച്ച് പ്രസ്തുത സെക്ഷൻ നിർത്തലാക്കുവാൻ ബോർഡ് തീരുമാനിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ആ തീരുമാനം പുനഃപരിശോധന ചെയ്ത് ആ സെക്ഷൻ വീണ്ടും തുടങ്ങുവാൻ ബോർഡിന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ടായിരുന്നു.

(ബി) അക്കൗണ്ടൻറ് ജനറലാഫീസിലെ ഓഡിറ്റ് ചൂണ്ടിക്കാണിച്ച പല അപാകതകളും പുനഃപരിശോധിച്ച് അവ പരിഹരിക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ ഈ സെക്ഷനു നൽകിയിട്ടുണ്ട്.

(സി) ഇല്ല. സെക്ഷൻ തുടരണമോ നിർത്തലാക്കണമോ എന്ന് തീരുമാനിക്കുന്നത് വേറെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ആണ്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

പ്രോവിഡൻറ് ഫണ്ടിൽ നിന്നും കടം അനുവദിക്കുന്നതിനുള്ള അധികാര വികേന്ദ്രീകരണം

619 [897] ശ്രീ. ടി. കെ. രാമകൃഷ്ണൻ:

ശ്രീ. പി. കരുണാകരൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ പ്രോവിഡൻറ് ഫണ്ടിൽ നിന്നും കടം അനുവദിക്കുന്നതിനുള്ള അധികാരം വികേന്ദ്രീകരിക്കണമെന്ന് ഏതെങ്കിലും സർവ്വീസ് സംഘടനകൾ ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ വല്ല തീരുമാനവും എടുത്തിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏപ്രകാരം?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) ഇക്കാര്യം ഗവൺമെൻറിന്റെ പരിഗണനയിലിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly